2. OBITUARY REFERENCE

DEMISE OF SHRI A. SUBRAMONIA IYER, EDITOR OF DEBATES, LEGISLATURE SECRETARIAT

മി. സ്പീക്കർ: ഈ സഭയെ സംബന്ധിച്ചിടത്തോളവും, എന്നെ സംബന്ധിച്ചിടത്തോളവും, പ്രത്യേകിച്ച് നിയമസഭാ സെക്രട്ടറിയേറ്റിനെ സംബന്ധിച്ചിടത്തോളവും വളരെ ദുഃഖകരമായ ഒരു സംഭവം ഇന്നുണ്ടായിട്ടുണ്ട്. ഈ സെക്രട്ടറിയേറ്റിൽ കഴിഞ്ഞ പത്തു മുപ്പത്തു വർഷക്കാലമായി വളരെ പ്രശസ്തമായ നിലയിൽ സേവനം അനുഷ്ഠിച്ചുകൊണ്ടിരുന്ന എഡിറ്റർ ആഫ് ഡിബേറ്റ്സായിരുന്ന ശ്രീ. സുബ്രഹ്മണ്യയ്യർ നിര്യാതനായിരിക്കുകയാണ്. മിനിഞ്ഞാന്നുവരെ അദ്ദേഹം ഇവിടെ ഉണ്ടായിരുന്ന ആളാണ്. മിനിഞ്ഞാന്നു വൈകുന്നേരം അദ്ദേഹത്തിനു പെട്ടെന്നു സുഖമില്ലാതാകുകയും, ആശുപത്രിയിൽ അഡ്മിറ്റു ചെയ്യുകയും, ഇന്നു രാവിലെ അദ്ദേഹം നിര്യാതനാകുകയും ചെയ്ത വിവരമാണ് ഇവിടെ വന്ന ഉടനെ എനിക്കു കേൾക്കാൻ സാധിച്ചതു. ഇവിടത്തെ പഴക്കം ചെന്ന മെമ്പർമാർക്കെല്ലാം അദ്ദേഹത്തെ അറിയാം. ഇപ്പോഴം ഇവിടെയിരിക്കുന്ന മെമ്പർമാക്കും അദ്ദേഹത്തെ അറിയാം. ഏറ്റവും പ്രഗൽഭമായ നിലയിൽ വളരെ കൃത്യനിഷ്ഠയോടുകൂടി ജോലി ചെയ്തുകൊണ്ടിരുന്ന ഒരാളാണു അദ്ദേഹം. ഈ സെക്രട്ടറിയേറ്റിലെ സ്റ്റാഫ് എല്ലാവരുംകൂടി എന്റെ അടുക്കൽ വന്നു അവക്കെല്ലാം അനന്തരകർമ്മത്തിൽ പങ്കെടുക്കണമെന്നു എന്നോടു പറഞ്ഞു. എന്തായാലും നമുക്കെല്ലാവർക്കും അദ്ദേഹത്തിന്റെ നിര്യാണത്തിൽ അങ്ങേയറ്റത്തെ സങ്കടമുണ്ട്. പത്തുമുപ്പതുകൊല്ലം ഈ സെക്രട്ടേറിയറ്റിൽ സേവനം അനുഷ്ഠിച്ച ഒരാളാണു അദ്ദേഹം. അതുകൊണ്ട് അദ്ദേഹത്തിന്റെ നിര്യാണത്തിൽ നമുക്കുള്ള അഗാധമായ ഖേദം പ്രകടിപ്പിക്കുന്നതിനു സഭ ഒരു മിനിട്ടുനേരം എഴുന്നേറ്റു നിൽക്കുന്നതു ഉചിതമായിരിക്കും.

[The House stood in silence for two minutes as a mark of respect to the departed.]

ശ്രീ. കെ. എം. മാണി: അങ്ങു, ഈ നിയമസഭയിൽ ചോദ്യോത്തര സമയത്തു രണ്ടു പ്രാവശ്യം എന്നെ ചോദ്യം ചോദിക്കുന്നതിനു അനുവദിച്ചു. ഞാൻ ചോദ്യം ചോദിച്ചു. അവ അൺപാർലമെന്ററിയായിട്ടുള്ള ചോദ്യങ്ങളല്ലായിരുന്നു. മന്ത്രിക്കു സ്വതന്ത്രമായി മറുപടി പറയാൻ സാധിക്കുമായിരുന്നു. എന്നാൽ ഞാൻ ചോദ്യം ചോദിക്കാൻ തുടങ്ങിയ സമയത്തു ഒരു ഭാഗത്തുള്ള മെമ്പറന്മാർ എഴുന്നേറ്റു നിന്നു ബഹളമുണ്ടാക്കിയതുകൊണ്ട് എന്റെ ചോദ്യം പൂർത്തിയാക്കാനുള്ള സാഹചര്യം എനിക്കുണ്ടായില്ല. ഇതേ കീഴ്വഴക്കമാണു തുടരുന്നതെങ്കിൽ ഞങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കാൻ സാദ്ധ്യമല്ലാതെവരും. പൂർത്തിയാക്കാൻ കഴിയാത്തതും, സ്പീക്കർ അനുവദിച്ചതും, എന്റെ പിശകുകൊണ്ടല്ലാതെ പൂർത്തിയാക്കാൻ കഴിയാതെ പോയതുമായ ചോദ്യം വീണ്ടും ചോദിക്കുന്നതിനു ഒരു അവസരം ബഹുമാനപ്പെട്ട സ്പീക്കർ എനിക്കു ഇന്നോ നാളെയോ തരണം. അല്ലെങ്കിൽ നിയമസഭാ നടപടികളെ സംബന്ധിച്ചിടത്തോളം ആരെങ്കിലും അഞ്ചുപേർ എഴുന്നേറ്റുനിന്നു ബഹളമുണ്ടാക്കിയാൽ സഭാ നടപടികളും മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്ത ഒരു പരിതഃസ്ഥിതിവരും.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഏതെങ്കിലും മെമ്പറുടെ അവകാശത്തെ ചോദ്യം ചെയ്യുക എന്നുള്ളതു ഈ ഭാഗത്തെ പണിയല്ല. പക്ഷേ ഒരു മെമ്പർ ചോദ്യം ചോദിക്കാൻ അനുവാദം വാങ്ങുകയും ചോദ്യസംവിധാനത്തിൽ ഉണ്ടാകാൻ പാടില്ലാത്ത തരത്തിലുള്ള അഭിപ്രായ പ്രകടനങ്ങളും ശുദ്ധവൽക്കരിച്ച രീതിയിലുള്ള അഭിപ്രായങ്ങളും നടത്തുകയും ചെയ്യുമ്പോഴും ചോദ്യോത്തര സമയം ഇതിനുവേണ്ടി വിനിയോഗിക്കാൻ പാടില്ലെന്നു പറയാനുള്ള ബാദ്ധ്യത

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. രാമകൃഷ്ണൻ]

ഓരോ മെമ്പർക്കും ഉണ്ട്. ആ അവകാശം മാത്രമാണ് വിനിയോഗിച്ചത്. അല്ലാതെ ബഹളം കൂട്ടുകയൊന്നും ചെയ്തിട്ടില്ല.

ശ്രീ. കെ. എം. മാണി: നിങ്ങൾക്ക് അസൗകര്യമായ ചോദ്യമായിരിക്കാം.

ശ്രീ. കെ. എം. ജോർജ്ജ്: ചോദ്യോത്തരവേളയിലുണ്ടായ സംഭവം പരിശോധിച്ചാൽ വളരെയേറെ വേദനാജനകമായ ഒന്നാണെന്ന കാണാൻ സാധിക്കും. അങ്ങനെയുള്ള സംഭവങ്ങൾ നമ്മുടെ സഭയിൽ ഉണ്ടാകരുതെന്ന് ആത്മാർത്ഥമായി നാമെല്ലാവരും ആഗ്രഹിക്കുന്നു എന്നാണ് വിശ്വസിക്കുന്നത്. ഈ ചോദ്യം, അനേകം മെമ്പർമാർ നോട്ടീസ് നൽകിയിട്ടുള്ളതും, അനേകം കാര്യങ്ങൾ ഉൾക്കൊള്ളുന്നതുമായ ഒന്നാണ്. ചില ചോദ്യങ്ങൾ ചിലർക്ക് അസൗകര്യമാണെന്ന വിചാരിച്ച് അതിനെ തടസം ചെയ്യുന്നത് നിർഭാഗ്യകരമാണ്. അങ്ങനെ തടസം ചെയ്ത് ചില കാര്യങ്ങൾ നേടിക്കളയാമെന്ന വിചാരിക്കുന്നത് ഭൂഷണമല്ല. അങ്ങനെയുള്ള മനോഭാവം കൈക്കൊള്ളരുത്. ചെയറിനെ ധിക്കരിച്ചുകൊണ്ടുള്ള ഒരു നിലപാടെടുക്കുന്നത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഉപേക്ഷിക്കണം. ആരും അത്ര ഭയപ്പെട്ടിരിക്കയല്ല. ഇങ്ങനെയുള്ള നടപടികൾ സ്വീകരിച്ച് മുന്നോട്ട പൊയ്ക്കളയാമെന്ന വിചാരിക്കുകയാണെങ്കിൽ, സഭക്ക് വെളിയിൽ ആളുകളുണ്ട്, ഇതൊക്കെ എല്ലാവരും കണ്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇതൊന്നും ചെയ്യരുത്.

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ. കെ. എം. ജോർജ്ജ് സംസാരിച്ചപ്പോൾ പറഞ്ഞു, പുറത്തു ആളുകളുണ്ട്, അകത്തു ആളുകളുണ്ടെന്ന്. മിടുക്കത്തരം കാണിക്കുകയാണെങ്കിൽ അതു എല്ലാവർക്കും പറ്റും. ഞങ്ങളും ആളുകളില്ലാതെ വന്നവരൊന്നുമല്ല. ഞങ്ങളും ആളുകളുടെ പിൻബലത്തോടുകൂടി വന്നവരാണ്. അതിൽ സംശയമൊന്നും വേണ്ട. ഒരു ചോദ്യം അഡ്മിസിബിളാകാൻ എന്തു വേണമെന്നുള്ള കാര്യം റൂളിൽ വളരെ വ്യക്തമായി പറയുന്നുണ്ട്.

'It shall not contain arguments, inferences, ironical expressions, imputations, epithets or defamatory statements'

എന്നാണ് പറയുന്നത്. അഡ്മിസിബിളല്ലാത്ത ഇത്രയും കൂടുതൽ ചോദ്യങ്ങൾ ശ്രീ. മാണിയല്ലാതെ ഇവിടെ വേറെ ആരും ചോദിച്ചിട്ടില്ല. ഇപ്പോൾ ചോദിച്ചതുതന്നെ ഒരു ഡിഫമേറ്ററി സ്റ്റേറ്റുമെന്റ് രൂപത്തിലാണ്.

ശ്രീ. കെ. എം. മാണി: അതു ശരിയല്ല.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: ഇതും ശരിയല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചുകഴിയട്ടെ.

ശ്രീമതി കെ. ആർ. ഗൗരി: ഡിഫമേറ്ററി സ്റ്റേറ്റുമെന്ററിന്റെ രൂപത്തിൽ ശ്രീ. കുഞ്ഞന്റെ പേരിൽ അഴിമതി നടത്തിയിട്ടില്ലേ എന്നൊക്കെ ചോദിച്ചു. ആ ഫയൽ ചീഫ് മിനിസ്റ്റർ ഇവിടെ വച്ചിട്ടുള്ളതാണ്. ശ്രീ. കുഞ്ഞന്റെ പേരിൽ ഒരു എൻക്വയറി നടത്തി വേണ്ട നടപടികൾ എടുത്തിട്ടുള്ളതാണ്. അതാണ് വ്യക്തമായ അഴിമതി, അഴിമതി എന്ന ഇവിടെ പറയുന്നത്. ഇത്ര ഡിഫമേറ്ററിയായിട്ടുള്ള ഒരു സ്റ്റേറ്റുമെന്റ് ശ്രീ. മാണിയല്ലാതെ വേറെ ആരും ഇവിടെ നടത്തിയിട്ടില്ല. നാക്കിനു നീളമുള്ളതുകൊണ്ട് എന്തും പറയാമെന്ന വിചാരിച്ചാൽ അതു അനുവദിച്ചുകൊടുക്കാൻ പറ്റുകയില്ല. അതുകൊണ്ട് നിയമസഭയിലെ രൂൾസിനും ചട്ടങ്ങൾക്കും അതീതമായി ഒരൊറ്റ മെമ്പറും പോകാൻ

LIBRARY ARCHIVES Kerala Legislative Assembly

പാടില്ല. അങ്ങനെ പോയതുകൊണ്ടാണു് ഇവിടെ സംഘർഷാവസ്ഥ ഉണ്ടായതു്.

ശ്രീ. കെ. കരുണാകരൻ: ഇതു് രണ്ടാമത്തെ സംഭവമാണു്. ട്രഷറി ബഞ്ചു് സഭാ നടപടികളെ തടസ്സപ്പെടുത്തുന്ന നീക്കം ഇതു രണ്ടാമത്തെ പ്രാവശ്യമാണു്. ആരു് ചോദ്യം ചോദിക്കണം, എങ്ങനെ ചോദിക്കണം എന്നെല്ലാമുള്ളതു് അങ്ങാണു് തീരുമാനിക്കേണ്ടതു്. അങ്ങു് ഒരു ചോദ്യം ചോദിക്കാൻ അനുവദിച്ചുകഴിഞ്ഞാൽ അതിന്റെ നിയമസാധുതയെ ചോദ്യം ചെയ്യുകൊണ്ടു് സഭാ നടപടികളും തടസ്സപ്പെടുത്തുന്നതു് ഒരിക്കലും അനുവദിച്ചുകൊടുക്കാൻ പാടില്ലാത്തതാണു്. അങ്ങേക്കു് സഭാനടപടികളും നിയന്ത്രിക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടെങ്കിൽ അതു് അങ്ങു് ഞങ്ങളെ അറിയിക്കണം, ഞങ്ങളും അതനുസരിച്ചു് പ്രവർത്തിക്കാം. ഏതായാലും ഈ നില തുടരാൻ അനുവദിക്കുന്നതു് ശരിയല്ല. ഇങ്ങനെയാണെങ്കിൽ ഞങ്ങളും സഭയിൽ വന്നിരുന്നു് നടപടികളിൽ പങ്കെടുക്കുന്നതുകൊണ്ടു് ഒരു പ്രയോജനവുമില്ല. ഇങ്ങനെ സഭാ നടപടികളും തടസ്സപ്പെടുത്തുന്നതു് പാർലമെന്ററി ഡെമോക്രസിയോടു് ചെയ്യുന്ന ഏറ്റവും വലിയ അനാദരവായിരിക്കും. അതുകൊണ്ടു് അച്ചടക്കം പാലിക്കുന്നതിനു് എല്ലാവിധത്തിലുമുള്ള അധികാരം അങ്ങു് പ്രയോഗിക്കണം. ആ അധികാരം ഉപയോഗിക്കുന്നതിനു് എല്ലാ ജനാധിപത്യ വിശ്വാസികളുടേയും പിൻതുണ അങ്ങേക്കു് ഉണ്ടാകുമെന്നു് ഉറപ്പുണ്ടു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ജനാധിപത്യത്തെ സംബന്ധിച്ചു് പ്രസംഗിക്കുന്ന മാന്യന്മാർ നിയമസഭയുടെ ചട്ടങ്ങളും അനുസരിക്കാൻ തയ്യാറാകണം. ശ്രീ. മാണിയുടെ വാസ്തവവിരുദ്ധമായ പ്രസ്താവനയെയാണു് ഇവിടെ ചോദ്യം ചെയ്തുക ഉണ്ടായതു്.

ശ്രീ. കെ. എം. മാണി: 'വാസ്തവവിരുദ്ധം' എന്നുള്ളതു് പിൻവലിക്കണം.

മി. സ്പീക്കർ: അതിൽ തെറ്റൊന്നുമില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ. എം. എസിനെ സംബന്ധിച്ചു് വ്യക്തമായ ആരോപണമുള്ളതു് ആഭ്യന്തരമന്ത്രി സമ്മതിച്ചു എന്നു പറഞ്ഞുകൊണ്ടാണു് അദ്ദേഹം പ്രസംഗം തുടങ്ങിയതു്. അതു് ഇല്ലാത്ത കാര്യമാണു്. ആഭ്യന്തരമന്ത്രി അങ്ങനെ സമ്മതിച്ചിട്ടില്ല. വാസ്തവവിരുദ്ധമായ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ചോദ്യങ്ങളുണ്ടാകുമ്പോൾ ഇങ്ങനെ ഉണ്ടാകുന്നതിൽ അത്ഭുതമില്ല. വാസ്തവവിരുദ്ധമായ പ്രസ്താവന തുടരാതിരിക്കുകയാണു് ഇതിനു് പരിഹാരമാർഗ്ഗം. ആ കാര്യത്തിനു് ബഹുമാനപ്പെട്ട മെമ്പറന്മാരെ ഉപദേശിച്ചാൽ തരക്കേടില്ല.

മി. സ്പീക്കർ: സഭാനേതാവും പ്രതിപക്ഷ നേതാവും, വിപ്പും എല്ലാവരും റൂൾസും ചട്ടങ്ങളും അനുസരിച്ചു് ചോദ്യങ്ങളും ചോദിക്കണമെന്നു് ഇവിടെ പ്രസ്താവിച്ചു കഴിഞ്ഞിരിക്കുകയാണു്. ഇത്രയും പറയാനിടയായ സാഹചര്യം എന്താണെന്നു എനിക്കറിയാം. ഏതായാലും റൂൾസും ചട്ടങ്ങളും അനുസരിച്ചാണോ ഇവിടെ ചോദ്യങ്ങളും ചോദിക്കുന്നതെന്നുള്ളതു് ഓരോരുത്തരും സ്വയം ആത്മപരിശോധന നടത്തണം. ചിലസമയത്തു് ഡീവിയേഷൻ ഉണ്ടായി എന്നു വരാം. അങ്ങനെ ഡീവിയേഷൻ ഉണ്ടായാൽപോലും ഇങ്ങനെയുള്ള സ്ഥിതിവിശേഷം ഉണ്ടാകാൻ പാടില്ല. ഏതായാലും ഇതു മോശമായിപ്പോയി. ചട്ടമനുസരിച്ചു് മുന്നോട്ടുപോകണമെന്നു പറഞ്ഞാൽ മുന്നോട്ടുപോകുന്നതിനു് ബുദ്ധിമുട്ടുള്ള ഒരു സാഹചര്യം കുറെ ദിവസങ്ങളായി ഇവിടെയുണ്ടു്. 'ഇൻസിനുവേഷൻ' ഉണ്ടാകത്തക്ക രീതിയിലുള്ള ചോദ്യങ്ങളും ചോദിക്കുക എല്ലാവരും ഒഴിവാക്കേണ്ട

LIBRARY ARCHIVES Kerala Legislative Assembly

[മി. സ്പീക്കർ]

താണു്. ഇവിടെ ഉണ്ടായ രംഗം, ശ്രീ. മാണിയുടെ അഭിപ്രായം അദ്ദേഹം പറഞ്ഞു. അങ്ങനെ ആ അഭിപ്രായമനുസരിച്ചു് ചോദ്യം ചോദിക്കുന്നതു് ശരിയല്ലെന്നുള്ള സ്റ്റാൻഡു് ഗവണ്മെൻറു് ഭാഗത്തുനിന്നും ഉണ്ടായി. തീർച്ചയായും അങ്ങനെ ഉണ്ടായ സ്ഥിതിക്കു് പിന്നീടു് ചോദ്യം ചോദിക്കേണ്ട കാര്യമില്ല. ഗവണ്മെൻറിൻെറ മനോഭാവം എന്താണെന്നു അറിഞ്ഞ സ്ഥിതിക്കു് പിന്നെ ഒരു സിറ്റുവേഷൻ (situation) ഉണ്ടാക്കാൻ പോകേണ്ടായിരുന്നു. ചോദ്യം ചോദിക്കുന്നില്ല എന്നു വിചാരിച്ചാൽ മതിയാകുമായിരുന്നു. അതുപോലെതന്നെ ഒരാൾ ചോദ്യം ചോദിക്കുന്ന സമയത്തു്, അങ്ങനെ ചോദിക്കാൻ പാടില്ലെന്നു പറഞ്ഞുകൊണ്ടു് മറ്റു മെമ്പർമാർ എഴുന്നേറ്റു നിൽക്കുന്നതും ശരിയല്ല. മേലാൽ ഈ മാതിരി സംഭവങ്ങൾ ഉണ്ടാകുകയില്ലെന്നു് എനിക്കു് ഉറപ്പുതരാൻ കഴിയുമോ എന്നു ഞാൻ ഈ സന്ദർഭത്തിൽ സഭയോടു് ചോദിക്കുന്നില്ല. അങ്ങനെ ഉറപ്പു് ഉണ്ടെന്നു ഞാൻ വിശ്വസിക്കുകയാണു്.

3. ADJOURNMENT MOTION

CLASH BETWEEN TWO GROUPS OF STUDENTS IN VYASA COLLEGE, WADAKKANCHERY ON THIRTIETH SEPTEMBER 1969

മി. സ്പീക്കർ: വടക്കാഞ്ചേരി വ്യാസാ കോളേജിലെ രണ്ടു വിഭാഗം സ്റ്റുഡൻറ്സ് തമ്മിൽ ഉണ്ടായ സംഘട്ടനം മൂലം ഉണ്ടായ ഗുരുതരാവസ്ഥ ചർച്ച ചെയ്യുന്നതിനു സഭാനടപടികൾ നിറുത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു ശ്രീ. എൻ. കെ. ശേഷൻ ഒരു അടിയന്തിരപ്രമേയത്തിനു നോട്ടീസ് തന്നിട്ടുണ്ടു്. ബഹുമാനപ്പെട്ട മന്ത്രിക്കു് എന്തെങ്കിലും പറയുവാനുണ്ടോ ?

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ): ഇൻഫർമേഷൻ മുഴുവൻ കിട്ടിയിട്ടില്ല. അന്വേഷിച്ചു വേണ്ടതു ചെയ്യാം.

ശ്രീ. എൻ. കെ. ശേഷൻ: സർ, ഇന്നലെയാണു് സംഭവം ഉണ്ടായതു്. രണ്ടുതവണ സംഭവം ഉണ്ടാകുകയും ചെയ്തു. ഇന്നുണ്ടായ സംഭവമല്ല. വളരെക്കാലമായി നിലനിന്നുവരുന്ന സംഘർഷാവസ്ഥ ആയതുകൊണ്ടു പോലീസ് നടപടികളോ മറ്റു നിയമസമാധാനപാലന നടപടികളോ ഉണ്ടാക്കുന്നതിനും പുറമേ സ്ഥിരമായി സമാധാന അന്തരീക്ഷം ഉണ്ടാക്കുന്നതിനു ഗവണ്മെൻറു മുൻകൈ എടുത്താൽ കൊള്ളാമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്.

ശ്രീ. എം. കെ. കൃഷ്ണൻ: അടിയന്തിരമായി നിയമസമാധാനം പാലിക്കുവാനും അതുപോലെതന്നെ നിയമസമാധാന അന്തരീക്ഷം ഉണ്ടാക്കാനും ഉള്ള നടപടി സ്വീകരിക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ടു് കളക്ടർക്കു് ഇപ്പോഴുതന്നെ വിവരം അറിയിക്കുന്നുണ്ടു്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി വേണ്ട നടപടികളും കൈക്കൊള്ളാമെന്നു സമ്മതിച്ചിട്ടുള്ളതുകൊണ്ടു് ഇപ്പോൾ ഈ അടിയന്തിര പ്രമേയത്തിനു അനുമതി നൽകുന്നില്ല.

4. CALLING ATTENTION UNDER RULE 61

PROPOSED AGITATION BY THE EMPLOYEES OF PANCHAYATS

മി. സ്പീക്കർ: സംസ്ഥാനത്തിലെ 933 പഞ്ചായത്തിലെ ഏകദേശം ഏഴായിരത്തോളം വരുന്ന പഞ്ചായത്തു ജീവനക്കാർ അവരുടെ സർവ്വീസിലെ അവശതകളും പരിഹരിച്ചു കിട്ടുന്നതിലേയ്ക്കായി വരുന്ന 4-ാം തീയതി മുതൽ

LIBRARY ARCHIVES Kerala Legislative Assembly